**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2053** **09-02-2023 - ൽ മറുപടിയ്ക്ക്**

**പി.എഫ്.ഐ. ഹർത്താലിൽ പൊതുമുതൽ നശിപ്പിച്ചവർക്കെതിരെ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പി.എഫ്.ഐ. ഹർത്താലിനോടനുബന്ധിച്ച് എത്ര രൂപയുടെ പൊതുമുതൽ നശിപ്പിക്കപ്പെട്ടു എന്നും ഇതിനെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും വ്യക്തമാക്കുമോ; | (എ) | പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ എന്ന സംഘടന 23.09.2022-ന് നടത്തിയ ഹർത്താലിനിടെ പൊതുമുതൽ നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 62 കേസുകളിലായി 5 കോടി 20 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ ബന്ധപ്പെട്ട കക്ഷികളിൽ നിന്നും സംഘടനാ ഭാരവാഹികളിൽ നിന്നും റവന്യൂ റിക്കവറി നടപടി ക്രമപ്രകാരം കണ്ടുകെട്ടുന്നതിന് ഹൈക്കോടതി 29.09.2022-ൽ ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തുടർ നടപടി സ്വീകരിച്ചു.<br><br>ഇതു സംബന്ധിച്ച് പോലീസ് അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ യഥാർത്ഥ നഷ്ടവും ഉൾപ്പെട്ട പ്രതികളുടെ മുഴുവൻ വിവരവും ലഭ്യമാകുകയുള്ളൂ. |
| (ബി) | പ്രസ്തുത കേസുകളിൽപ്പെട്ട പ്രതികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (ബി) | (എ) ൽ ചേർത്തിട്ടുണ്ട് |
| (സി) | പ്രസ്തുത നഷ്ടം അക്രമകാരികളിൽ നിന്നും തിരിച്ചുപിടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (സി) | (എ) ൽ ചേർത്തിട്ടുണ്ട് |
| (ഡി) | പി.എഫ്.ഐ. ഹർത്താൽ നടക്കുന്നതിന് മുമ്പ് മരണപ്പെട്ട വ്യക്തികളുടെയും, സംഭവ ദിവസം വിദേശത്തായിരുന്നവരുടെയും, പി.എഫ്.ഐ.യുമായി ബന്ധമില്ലാത്തവരുടെയും സ്വത്തുക്കൾ പ്രസ്തുത സംഭവത്തിന്റെ പേരിൽ കണ്ടുകെട്ടി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അന്വേഷണം നടത്തി കോടതിക്ക് തെറ്റായ വിവരം നൽകിയ ഉദ്യാഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ഡി) | കോടതി ഉത്തരവിനെ തുടർന്നുള്ള കണ്ടുകെട്ടൽ നടപടിക്കുള്ള പട്ടികയിൽ ചില പിഴവുകൾ വന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. അങ്ങനെ കണ്ടെത്തിയ വസ്തുക്കളുടെ അറ്റാച്ച്മെന്റ് നിർത്തിവയ്ക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആഭ്യന്തര വകുപ്പ് അടിയന്തര നിർദ്ദേശം നൽകി.<br><br>ഇതു സംബന്ധിച്ച് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ നിലവിൽ തീരുമാനം എടുത്തിട്ടില്ല. |
| (ഇ) | സംസ്ഥാനത്ത് വിവിധ ഹർത്താൽ, | (ഇ) | പൊതു തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടില്ല |

| | | | |
|---|---|---|---|
| | പ്രതിഷേധങ്ങളുടെ പേരിൽ സമാന രീതിയിൽ വന്ന നാശനഷ്ടങ്ങളും ഇതുപോലെ ജപ്തി നടപടി സ്വീകരിച്ച് നഷ്ടം ഇടാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ